**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4753 **26.06.2019 ൽ** മറുപടിക്ക്

## സുരക്ഷാ മാനദണ്ഡവുമില്ലാത്ത വൻ പരസ്യ ബോർഡുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി.ഡി.സതീശൻ** | | **എ.സി. മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | യാതൊരു സുരക്ഷ മാനദണ്ഡവുമില്ലാതെ വൻപരസ്യ ബോർഡുകൾ സ്ഥാപിക്കുന്നത് മൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും സുരക്ഷ മാനദണ്ഡം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 272, 273, 274, 275 പ്രകാരം പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനും അനധികൃത പരസ്യബോർഡു കൾ നീക്കം ചെയ്യുന്നതിനുമുള്ള വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ (3), (4) പ്രകാരം പരസ്യ ബോർഡുകൾ സുരക്ഷിതമായി സ്ഥാപിക്കുന്നതിന് മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.<br><br>നിലവിൽ ഗ്രാമഞ്ചായത്ത് പ്രദേശങ്ങളിൽ പരസ്യബോർഡ് സ്ഥാപിക്കുന്നതിനായി പരസ്യ ബോർഡ് സ്ഥാപിക്കുന്ന സ്ഥലത്തിന്റെ ലൊക്കേഷൻ പ്ലാൻ, എഗ്രിമെന്റ്, സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, പരസ്യബോർഡ് സ്ഥാപിക്കുന്ന സ്ഥലം സ്വകാര്യവ്യക്തിയുടെ താണെങ്കിൽ ടി വ്യക്തിയുടെയും, പൊതുസ്ഥല മാണെങ്കിൽ അതത് വകുപ്പുകളുടെയും സമ്മതപത്രം, ഇൻഷുറൻസ് സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ലഭ്യമാക്കിയാലേ ഗ്രാമപഞ്ചായത്ത് അനുമതി നൽകുകയുള്ളൂ.<br><br>സംസ്ഥാനത്ത് പഞ്ചായത്ത് പ്രദേശങ്ങളിലും നഗരസഭാ പ്രദേശങ്ങളിലും ബോർഡുകൾ/ ബാനറുകൾ/പരസ്യങ്ങൾ എന്നിവ സ്ഥാപിക്കുന്ന തിനുള്ള നിബന്ധനകൾ, ഫീസ് എന്നിവ നിശ്ചയിച്ചുകൊണ്ട് 1994-ലെ കേരള |

| | | |
|---|---|---|
| | | പഞ്ചായത്ത് രാജ് ആക്റ്റ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയുടെ ഭാഗമായി പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. |
| സി) | ഒറീസ്സയിലെ ചുഴലിക്കാറ്റിൽ കൂടുതൽ മരണങ്ങൾ ഉണ്ടായത് പരസ്യ ബോർഡുകൾ നിലംപതിച്ചത് മൂലമുണ്ടായതാണെന്ന വസ്തുത പരിഗണിച്ച് പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് പ്രത്യേക സുരക്ഷ മാനദണ്ഡം കൊണ്ടുവരുമോ? | സി) സംസ്ഥാനത്ത് പഞ്ചായത്ത് പ്രദേശങ്ങളിലും നഗരസഭാ പ്രദേശങ്ങളിലും ബോർഡുകൾ/ ബാനറുകൾ/പരസ്യങ്ങൾ എന്നിവ സ്ഥാപിക്കുന്ന തിന് പ്രത്യേക സുരക്ഷാ മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയുടെ ഭാഗമായി പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ